പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4399 13.11.2019-ൽ മറുപടിയ്ക്ക്

# പ്രൊഫഷണൽ മേഖലയിൽ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ

ചോദ്യം
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

മറുപടി
എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗവിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾ പ്രൊഫഷണൽ മേഖലയിൽ വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | പ്രൊഫഷണൽ മേഖലയിൽ യോഗ്യതയുള്ള പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട അഭ്യസ്ഥവിദ്യരായവർ ഉൾപ്പെടെയുള്ളവരുടെ സമഗ്രവിവര ശേഖരണം നിലവിൽ വകുപ്പ് നടത്തി വരുന്നു. പ്രസ്തുത സർവ്വെ പൂർത്തിയാകുന്നതോടുകൂടി പ്രൊഫഷണൽ മേഖലയിലെ ഉദ്യോഗാർത്ഥികളുടെ പ്രാതിനിധ്യം സംബന്ധിച്ച സമഗ്ര വിവരം ലഭ്യമാകുന്നതാണ്. |
| ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരെ പ്രൊഫഷണൽ മേഖലയിലെ തൊഴിലുകളിൽ എത്തിക്കുന്നതിന് വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) | ഉണ്ട്. സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ / സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്തുന്നു. ഇതിനോടകം 5431 പേർക്ക് പരിശീലനവും പ്ലെയ്സ്മെന്റും ഉറപ്പ് വരുത്തുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 1725 പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് 2019-20-ൽ പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്.<br><br>അങ്കമാലി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇറാം ടെക്നോളജിയുമായി സഹകരിച്ച് 2018-19, 2019-20 വർഷങ്ങളിലായി ടിഗ്ഗ് & ആർക്ക് വെൽഡിംഗ്, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ, പൈപ്പ് ഫാബ്രിക്കേറ്റർ, ഫിറ്റർ എന്നീ 3 കോഴ്സുകളിലായി പരിശീലനം നൽകി വരുന്നു. ആദ്യബാച്ചിൽ പരിശീലനം നേടിയ 30 കുട്ടികളിൽ 8 പേർക്ക് വിദേശത്ത് ജോലി ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന കുട്ടികൾക്ക് സ്വദേശത്തോ വിദേശത്തോ |

| | | | |
|---|---|---|---|
| | | | തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ യാത്രാചെലവിനും അനുബന്ധ ചെലവുകൾക്കുമായി വകുപ്പ് സാമ്പത്തിക സഹായം നൽകുന്നുണ്ട്.<br><br>വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെ ഉൾപ്പെടുത്തികൊണ്ട് കരിയർ ഗൈഡൻസ് ജോബ് ഫെയർ നടത്തിയിട്ടുണ്ട്.<br><br>ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ് വെയർ & സോഫ്റ്റ് വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിന് ലക്ഷ്യം വച്ചുകൊണ്ട് സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന പരിശീലന സ്ഥാപനം തിരുവനന്തപുരത്ത് ആരംഭിച്ചു.<br><br>പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആൾ ഇന്ത്യ സിവിൽ സർവ്വീസിൽ പ്രവേശനം ലഭിക്കാൻ ഒരു വർഷത്തെ ട്രെയിനിംഗ് നൽകുന്നുണ്ട്.<br><br>ജുഡീഷ്യൽ സർവ്വീസിൽ പട്ടികവർഗ്ഗക്കാർക്ക് പ്രവേശനം ലഭ്യമാക്കുന്നത് ലക്ഷ്യം വച്ച് 2018-19 സാമ്പത്തികവർഷം മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് തിരുവനന്തപുരം ലോ കോളേജുമായി ചേർന്ന് ജുഡീഷ്യൽ സർവ്വീസ് പരീക്ഷാ പരിശീലനം നടത്തി വരുന്നു. |
| സി) | പ്രസ്തുത പദ്ധതികൾ വിജയപ്രദമാണോ; എങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്രപേർക്ക് പ്രൊഫഷണൽ മേഖലയിൽ തൊഴിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ? | സി) | നൈപുണ്യ വികസന പരിശീലനത്തിലൂടെ പ്രൊഫഷണൽ മേഖലയിൽ 3428 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ